പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

## പി.എം.ജി.എസ്.വൈ. പദ്ധതിയിലെ ക്രമക്കേട്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3061 | 21-08-2017-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ | | ഡോ. കെ.ടി. ജലീൽ (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | പി.എം.ജി.എസ്.വൈ. പദ്ധതിയിലെ ക്രമക്കേട് അന്വേഷിക്കുന്നതിനായി കേന്ദ്ര സംഘം സംസ്ഥാനം സന്ദർശിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) യും (ബി) യും | പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതിയിലെ ക്രമക്കേട് അന്വേഷിക്കുന്നതിനായി കേന്ദ്ര സംഘം സംസ്ഥാനം സന്ദർശിക്കുന്നത് സംബന്ധിച്ച അറിയിപ്പ് ലഭിച്ചിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ച പുതിയ റോഡുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സംബന്ധിച്ച പരിശോധനയ്ക്ക് 2017 ആഗസ്റ്റ് 13, 14 തീയതികളിൽ കേന്ദ്ര സംഘം സംസ്ഥാനം സന്ദർശിച്ചിരുന്നു. |
| (ബി) | എന്തെല്ലാം ക്രമക്കേടുകളാണ് പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയിട്ടുള്ളത്; വിവരിക്കുമോ; | | |
| (സി) | പ്രസ്തുത പദ്ധതിയ്ക്കായി മുമ്പ് അനുവദിച്ചിരുന്ന തുക വിനിയോഗിച്ചതിന്റെ കണക്കുകൾ നൽകാത്തതുമൂലം പദ്ധതിയുടെ അടുത്ത ഘട്ടത്തിലെ ഫണ്ട് നിർത്തിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ ? | (സി) | 2016-17 സാമ്പത്തിക വർഷം വരെ പി.എം.ജി.എസ്.വൈ പദ്ധതിക്കായി അനുവദിച്ചിരുന്ന തുക വിനിയോഗിച്ചതിന്റെ കണക്കുകൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം 2017-18 സാമ്പത്തിക വർഷത്തെ ആദ്യ ഗഡുവായി 28.105 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ